⇨ മാതൃഭൂമിയിൽ ഈ സ്വഭാവം അസഹനീമായ തോതിൽ വളരുകയാണ് ⇨

'ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ പേരിൽ മാത്രം ജോലിയിൽനിന്ന് പുറത്താക്കപ്പെട്ട കേരളത്തിലെ ആദ്യപത്രപ്രവർത്തകൻ.' മാതൃഭൂമിയിൽ നിന്ന് ഈയിടെ പിരിച്ചുവിടപ്പെട്ട ചീഫ് സബ് എഡിറ്റർ സി. നാരായണനെക്കുറിച്ച് അതേ പത്രത്തിന്റെ മുൻ പത്രാധിപസമിതി അംഗവും മുതിർന്ന മാധ്യമപ്രവർത്തകനുമായ എൻ.പി രാജേന്ദ്രന്റെ വിലയിരുത്തലാണിത്. പത്രസ്ഥാപനത്തിലെ ജീവനക്കാരുടെ ക്ഷേമവും വേതനവർധനവും നടപ്പാക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ മജീദിയ വേജ്ബോർഡ് മാതൃഭൂമിയിൽ നടപ്പാക്കണമെന്നാവശ്യപ്പെട്ട് സമരം ചെയ്തതിന്റെ പേരിലാണ് നാരായണൻ പുറത്താക്കപ്പെട്ടത്. ഇതേ ആവശ്യമുന്നയിച്ച് സമരം ചെയ്തതിന്റെ പേരിൽ നിരവധി തൊഴിലാളികളെ ഇന്ത്യയിലെ അതിവിദൂരസ്ഥലങ്ങളിലേക്ക് സ്ഥലംമാറ്റിക്കൊണ്ടുള്ള പീഡനവും അവിടെ നടക്കുകയാണ്. മറ്റേത് രംഗത്തുമെന്നതുമെന്നതുപോലെ കോർപ്പറേറ്റ് മൂലധനം മാധ്യമസ്ഥാപനങ്ങളെയും പിടിമുറിക്കികൊണ്ടിരിക്കുകയാണിന്ന്. കോർപ്പറേറ്റ് സ്വഭാവം ആർജിച്ച മാനേജ്മെന്റുകൾ തൊഴിലാളികൾക്കുനേരെ അമിതാധികാരപ്രയോഗം നടത്താൻ തുടങ്ങിയിരിക്കുന്നു. അതിനാൽതന്നെ അവിടങ്ങളിലെ തൊഴിൽ അന്തരീക്ഷത്തിനും മാറ്റം വന്നു. അടിമവേലയായി പത്രപ്രവർത്തനം അധഃപതിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്ന മാതൃഭൂമിയിൽ ഈ സ്വഭാവം അസഹനീമായ തോതിൽ വളരുകയാണ്. ഓരോ തൊഴിലാളിയും സദാ നിരീക്ഷണ വലയത്തിൽ ജോലി ചെയ്യേണ്ട, അടിയന്തരാവസ്ഥയ്ക്ക് സമാനമായ സ്ഥിതിയാണ് അവിടെയിപ്പോഴുള്ളത്. ഈ സാഹചര്യത്തിൽ മാധ്യമപ്രവർത്തകന്റെ സ്വാതന്ത്ര്യത്തിന്റെ അതിർത്തി, മാധ്യമസ്ഥാപനങ്ങളുടെ കോർപ്പറേറ്റ്വൽക്കരണം, പത്രമേഖലയിലെ ട്രേഡ് യൂണിയന്റെ പരിമിതി, തന്റെ പിരിച്ചുവിടൽ അനുഭവം എന്നിവയെക്കുറിച്ച് നാരായണൻ സംസാരിക്കുന്നു

# പത്രത്തിനൊപ്പം പ്രചരിപ്പിക്കുന്നു ഒരു അടിമ-ഉടമ സംസ്കാരം

മാതൃഭൂമി ദിനപത്രത്തിലെ തൊഴിലന്തരീക്ഷത്തിൽ അടിയന്തരാവസ്ഥയ്ക്ക് സമാനമായ സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. കോർപ്പറേറ്റ്വത്കരിക്കപ്പെട്ട ഒരു പത്ര മാനേജ്മെന്റിന് എത്രമാത്രം മനുഷ്യത്വ വിരുദ്ധമായി പെരുമാറാൻ കഴിയും എന്ന് മാതൃഭൂമിയുടെ മുതലാളിമാർ കാണിച്ചുതരുന്നു. ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ പേരിൽ ഒരു പത്രസ്ഥാപനത്തിൽ നിന്നും പുറത്താക്കപ്പെട്ട കേരളത്തിലെ ആദ്യ പത്രപ്രവർത്തകനായ മാതൃഭൂമി ജീവനക്കാരൻ സി. നാരായണൻ പത്രമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുന്നു.

**സി. നാരായണൻ / പി.എം. ജയൻ**

**തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും അഭിപ്രായസ്വാതന്ത്ര്യത്തെക്കുറിച്ചും നിരവധി ആശയങ്ങൾ പ്രചരിപ്പിച്ച, സ്വാതന്ത്ര്യസമരചരിത്രപാരമ്പര്യം അവകാശപ്പെടുന്ന 'മാതൃഭൂമി' എങ്ങനെയാണ് തൊഴിൽ പീഡനങ്ങളുടെ കൂത്തരങ്ങായി പരിണമിച്ചത്. മാതൃഭൂമിയിൽ സംഭവിക്കുന്ന അപചയത്തെക്കുറിച്ച് വിശദമാക്കാമോ?**

ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി കണ്ണിചേർത്ത് രൂ

പം കൊണ്ട ഒരു മാധ്യമസ്ഥാപനമാണ് മാതൃഭൂമി. അതിനാൽതന്നെ അവിടെ ജോലി ചെയ്യുന്ന മാധ്യമപ്രവർത്തകർക്ക് ധാർമികതയാൽ പ്രചോദിപ്പിക്കപ്പെട്ട സ്വാതന്ത്ര്യബോധം ഏറെ ഉണ്ടായിരുന്നു. മാനേജീരിയൽ സെക്ഷനെ അപേക്ഷിച്ച് പത്രാധിപർക്കും പത്രാധിപവിഭാഗത്തിനും മുന്തിയ പരിഗണന ആദ്യകാലംമുതലേ ഇവിടെ ഉണ്ടായിരുന്നു. എല്ലാറ്റിന്റെയും അന്തിമതീരുമാനം പത്രാധിപർതന്നെയായിരുന്നു എടുത്തിരുന്നത്. വിംസിയുടെയും വി.പി രാമചന്ദ്രന്റെയുമൊക്കെ കാലംവരെ അത് ഏതാണ്ട് പുലർന്നുപോന്നു. മാനേജ്മെന്റ് പ്രതിനിധികൾക്ക് പത്രാധിപ തീരുമാനത്തിൽ ഇടപെടാൻ അവസരം കൊടുത്തിരുന്നില്ല. പിന്നീട് എൺപതുകളിൽ എം.ഡി നാലപ്പാട് എന്ന പത്രാധിപരെ പുകച്ച് പുറത്ത് ചാടിക്കാനുള്ള പദ്ധതിയോടെയാണ് എഡിറ്റോറിയൽ-മാനേജ്മെന്റ് അകൽച്ച കുറഞ്ഞുവന്നത്. അഗ്രസീവ് ജേർണലിസത്തിന്റെ വക്താവായിരുന്നു എം.ഡി നാലപ്പാട്. ഷെയർഹോൾഡർ കൂടിയായ അദ്ദേഹത്തിന് മാതൃഭൂമിയുടെമേൽ വലിയ തോതിലുള്ള നിയന്ത്രണമുണ്ടായിരുന്നു. എന്നാൽ ആ നിയന്ത്രണം വീരേന്ദ്രകുമാർ പിടിച്ചെടുക്കാൻ തുടങ്ങിയതോടെ പൊതുശത്രുവിനെതിരെ ഇതര ഷെയർഹോൾഡർമാരും ഒന്നിച്ചു. നാലപ്പാട് പോയപ്പോഴാണ് മാനേജിംഗ് എഡിറ്റർ തസ്തിക രൂപം കൊണ്ടത്. എഡിറ്ററെ നിയന്ത്രിക്കാൻ ഷെയർ ഹോൾഡർമാരുടെ പ്രതിനിധി എന്ന നിലയിലാണീ തസ്തിക വന്നത്. അതുവരെ സബ് എഡിറ്റർമാരടക്കമുള്ള പത്രപ്രവർത്തകരെ നിയമിക്കാനുള്ള പൂർണ അധികാരം എഡിറ്റർക്കായിരുന്നെങ്കിൽ പിന്നീടത് മാനേജിംഗ് എഡിറ്ററിലേക്ക് മാറി. നാലപ്പാട് പോയതിനുശേഷം എൻ.വി കൃഷ്ണവാര്യരെ പത്രത്തിന്റെയും ആഴ്പ്പതിപ്പിന്റെയും എഡിറ്ററാക്കി. അദ്ദേഹം മരണപ്പെട്ടതോടെ താൽക്കാലിക അധികാരം വി.കെ മാധവൻകുട്ടിയിൽ (എഡിറ്റർ ഇൻ ചാർജ്) എത്തി.

മാനേജിംങ് എഡിറ്ററുടെ വരവ് എഡിറ്റോറിയലിന്റെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റത്തിന് കാരണമായതോടെ ചില അസ്വാരസ്യങ്ങൾ ജേർണലിസ്റ്റുകൾക്കിടയിൽ ഉടലെടുത്തു. മാനേജ്മെന്റ് നടപടിയെ ചോദ്യം ചെയ്ത് മുതിർന്ന മാധ്യമപ്രവർത്തകരടക്കം 26ഓളം പേർ കത്ത് തയ്യാറാക്കി. കത്ത് മാനേജ്മെന്റിന് കൈമാറുന്നതിന് മുമ്പ് ഇതിൽ ഒപ്പിട്ട ചിലർ തീരുമാനത്തിൽനിന്ന് പിന്മാറി. എന്നാൽ അതിനിടയിൽ കത്ത് പുറത്തായി. വിഷയം വലിയ പ്രശ്നമായതോടെ ഒപ്പിടാൻ സന്നദ്ധത പ്രകടിപ്പിച്ചവരോട് മാനേജ്മെന്റ് വിശദീകരണം ചോദിച്ചു. മറുപടി കൊടുക്കേണ്ട ചുമതല വി.കെ മാധവൻകുട്ടിക്കായിരുന്നു. എഡിറ്റോറിയൽപരമായ എന്തുതരം വിമർശനങ്ങളും ഉന്നയിക്കാൻ എഡിറ്റോറിയൽ ബോർഡിലെ അംഗങ്ങൾക്ക് അധികാരമുണ്ടെന്നും അതിന്റെ പേരിൽ ആർക്കെതിരെയും നടപടി എടുക്കേണ്ടതില്ലെന്നുമാണ് മാധവൻകുട്ടി സധൈര്യം നൽകിയ വിശദീകരണക്കുറിപ്പ്. മാധവൻകുട്ടി മാനേജ്മെന്റിന്റെ അടുപ്പക്കാരനായിരുന്നെങ്കിലും പത്രാധിപരുടെ അവകാശത്തെ മുറുകെപ്പിടിക്കുന്ന നിലപാടാണ് അന്ന് കൈക്കൊണ്ടത്.

പിന്നീട് പത്രാധിപന്മാരുടെ അധികാരം മെല്ലെ മെല്ലെ മാനേജ്മെന്റിലേക്ക് കേന്ദ്രീകരിക്കാൻ തുടങ്ങി. എന്നാൽ ഞാൻ 18 കൊല്ലം മുമ്പ് മാതൃഭൂമിയിൽ ജോലിക്ക് ചേരുന്ന ഘട്ടത്തിലും അവിടെ ഒരു തരത്തിലുള്ള ലിബറലിസം ഉണ്ടായിരുന്നു. മാനേജ്മെന്റിന്റെ അമിതാധികാരപ്രയോഗത്തിന് പരിധിയുണ്ടായിരുന്നു.

**ഈ ലിബറിലിസം സ്ഥാപനത്തിൽ കുറഞ്ഞുവന്നത് എന്നുമുതൽക്കാണ്. മാനേജ്മെന്റിന്റെ കോർപ്പറേറ്റ്വൽക്കരണമാണോ അതോ വേജ് ബോർഡ് വിഷയമാണോ അതിന് കാരണമായത്?**

തൊണ്ണൂറുകളുടെ അവസാനത്തിൽതന്നെ ഘടനാപരമായ ചില മാറ്റങ്ങൾ മാതൃഭൂമിയിൽ വന്നുതുടങ്ങിയിരുന്നു. അതിലൊന്ന് പത്രത്തിന് പുറത്തുനിന്ന് പത്രാധിപരെ കൊണ്ടുവന്നതാണ്. അതുവരെ പത്രത്തിലെ സീനിയർ ജേർണലിസ്റ്റാണ് പത്രാധിപരായി വന്നിരുന്നത്. കെ.കെ ശ്രീധരൻനായർ എഡിറ്റ

തൊണ്ണൂറുകളുടെ അവസാനത്തിൽതന്നെ ഘടനാപരമായ ചില മാറ്റങ്ങൾ മാതൃഭൂമിയിൽ വന്നുതുടങ്ങിയിരുന്നു. അതിലൊന്ന് പത്രത്തിന് പുറത്തുനിന്ന് പത്രാധിപരെ കൊണ്ടുവന്നതാണ്. അതുവരെ പത്രത്തിലെ സീനിയർ ജേർണലിസ്റ്റാണ് പത്രാധിപരായി വന്നിരുന്നത്. കെ.കെ ശ്രീധരൻനായർ എഡിറ്ററായ ഘട്ടത്തിൽ അദ്ദേഹത്തെ പീരിയോഡിക്കൽ എഡിറ്ററാക്കി എഡിറ്റർ പദവിയിലേക്ക് പുറത്തുനിന്ന് കെ. ഗോപാലകൃഷ്ണനെ അവരോധിച്ചാണ് ഇതിന് തുടക്കം.




റായ ഘട്ടത്തിൽ അദ്ദേഹത്തെ പീരിയോഡിക്കൽ എഡിറ്ററാക്കി എഡിറ്റർ പദവിയിലേക്ക് പുറത്തുനിന്ന് കെ. ഗോപാലകൃഷ്ണനെ അവരോധിച്ചാണ് ഇതിന് തുടക്കം. അതുവരെ മനോരമയിലും ദീപികയിലുമൊക്കെ സേവനമനുഷ്ഠിച്ചിരുന്ന അദ്ദേഹത്തെ നേരിട്ട് പത്രാധിപരായി നിയമിച്ചു. പത്രം നന്നാക്കാനാണെന്നാണ് പറഞ്ഞിരുന്നതെങ്കിലും മാനേജ്മെന്റിന് മറ്റെന്തെങ്കിലും താൽപര്യം അതിന് പിന്നിലുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. പ്രത്യേകിച്ച് ഗോപാലകൃഷ്ണന് ദില്ലിയിലെ അധികാരകേന്ദ്രങ്ങളുമായി നല്ല ബന്ധമുണ്ടായിരുന്നു. അദ്ദേഹം വന്നതിനുശേഷമാണ് ടി.വി.ആർ ഷേണായിയെപ്പോലുള്ളവരുടെ കോളം തുടങ്ങുന്നത്. മാനേജ്മെന്റുമായി അടുപ്പം സൂക്ഷിക്കുമ്പോൾതന്നെ പത്രാധിപരുടെ അധികാരം നല്ല നിലയിൽ ഉപയോഗിച്ചിരുന്നു ഗോപാലകൃഷ്ണൻ. എന്നാൽ ഒരു പ്രത്യേകഘട്ടത്തിൽ മാനേജ്മെന്റുമായി ഇടയേണ്ടിവന്ന് പുറത്തുപോയപ്പോഴാണ് ഇപ്പോഴുള്ള കേശവമേനോൻ വന്നത്.

എന്നാൽ കഴിഞ്ഞ 5 വർഷത്തിനിടയിലാണ് സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്ന അവസ്ഥ അവിടെ സംജാതമായത്. മാനേജ്മെന്റിന് കോർപ്പറേറ്റ് സ്വഭാവം വന്നുകഴിഞ്ഞപ്പോഴാണ് ഈ മാറ്റം പ്രകടമായത്. അതിന്റെ ഭാഗമായി അധികാരകേന്ദ്രം എഡിറ്ററിൽനിന്ന് മാനേജിംഗ് എഡിറ്റർ വീരേന്ദ്രകുമാറിലേക്ക് മാത്രമല്ല മാർക്കറ്റിംങ് ആന്റ് ഇലക്ട്രോണിക് മീഡിയ ഡയറക്ടർ ശ്രേയംസ്കുമാറിലേക്കും കേന്ദ്രീകരിക്കപ്പെട്ടു. വീരേന്ദ്രകുമാറിന്റെ നിഴലായാണ് ശ്രേയംസ്കുമാറിന്റെ ആദ്യരംഗപ്രവേശം. പുതിയൊരു ശൈലിയിലുള്ള അധികാരമായിരുന്നു പിന്നീടു പ്രയോഗിച്ചുതുടങ്ങിയത്. സ്ഥാപനത്തിനകത്തെ സ്വാതന്ത്ര്യം പൂർണമായും ഹനിച്ചുതുടങ്ങിയത് ഇതോടെയാണ്. സോഷ്യലിസ്റ്റ് സ്വഭാവമോ ജനാധിപത്യമര്യാദയോ തൊട്ടുതീണ്ടിയിട്ടില്ലാത്ത സമീപനമാണ് തൊഴിലാളികളോട് അദ്ദേഹം സ്വീകരിച്ചത്. എന്തിനെയും പണവുമായും ലാഭവുമായുംമാത്രം താരതമ്യം ചെയ്യുന്ന ശൈലി! വീരേന്ദ്രകുമാറിന് പത്രപ്രവർത്തകനെ മനസ്സിലാക്കാൻ കഴിയുമായിരുന്നെങ്കിൽ മകന് അതൊട്ടുമില്ലായിരുന്നു. സംസ്കാരത്തിന്റെയും മൂല്യത്തിന്റെയും ഭാഗമായിരുന്ന പത്രപ്രവർത്തനത്തെ വെറും കച്ചവടച്ചരക്കായി കാണുകയായിരുന്നു. പത്രപ്രവർത്തകനും മാർക്കറ്റിങ് ഡയറക്ടറും തമ്മിലുള്ള സംഘർഷംതന്നെയായിരുന്നു ഗോപാലകൃഷ്ണന് പുറത്തേക്ക് പോകാനുള്ള വഴിതുറന്നത്. നേരത്തെ ശ്രേയംസ് വീരേന്ദ്രകുമാറിന്റെ നിഴലിലായിരുന്നെങ്കിൽ ഇപ്പോൾ ശ്രേയംസിന്റെ നിഴലിലായി മാറി വീരേന്ദ്രകുമാർ. അധികാരം നേരിട്ട് പ്രയോഗിക്കാൻ മകൻ വളർന്നുകഴിഞ്ഞു. ഇതെല്ലാം പുറത്തേക്ക് പ്രകടമാക്കാനുള്ള ഒരു അവസരം മാത്രമായിരുന്നു വേജ്ബോർഡ് വിഷയം.

**ഡയറക്ടർബോർഡിൽ ഷെയർഹോൾഡർമാരുടെ പൂർണപിന്തുണ ഇതിനെല്ലാമുണ്ടാകുമോ? അവരുടെ പിന്തുണ എങ്ങനെയാ**

**ണ് ആർജിച്ചെടുക്കുന്നത്?**

ഡയറക്ടർബോർഡിൽ പി.വി ചന്ദ്രന്റെയും മറ്റ് ചെറിയ ചെറിയ ഷെയറുകളും ചേർന്നാൽ വീരേന്ദ്രകുമാറിന്റ ഷെയറിനോളമോ അതിൽ കൂടുലോ വരാനിടയുണ്ട്. എന്നാൽ വീരേന്ദ്രകുമാറിന്റെ 'കരിസ്മാറ്റിക് പവറിനു'മുന്നിൽ മറ്റാരും ശബ്ദിക്കില്ല. അധികാരകേന്ദ്രങ്ങളുമായി നിരന്തരം ബന്ധം സ്ഥാപിക്കുന്നയാൾ, തന്ത്രശാലിയായ രാഷ്ട്രീയക്കാരൻ, എഴുത്തുകാരൻ എന്നിങ്ങനെ സകല മേഖലയിലും വീരേന്ദ്രകുമാറിന് മേൽകൈയുള്ളതിനാൽ മറ്റെല്ലാ ഷെയർഹോൾഡർമാരെയും തന്റെ ഇംഗിതത്തിന് കീഴിൽ നിർത്താൻ അദ്ദേഹത്തിന് കഴിയുന്നു. ഇത് പരമാവധി ഉപയോഗപ്പെടുത്താൻ മകനും കഴിയുന്നു. മാനേജിംഗ് ഡയറക്ടറാകാനാണ്(എം.ഡി) ശ്രേയംസിന്റെ അടുത്ത നീക്കം. എന്നാൽ വീരേന്ദ്രകുമാറിനോട് മറ്റ് ഷെയർഹോൾഡർമാർക്കുള്ള താൽപര്യം ശ്രേയംസ്കുമാറിനോടില്ല. എന്തുതന്നെയായാലും ഇപ്പോൾ എല്ലാറ്റിന്റെയും അന്തിമതീരുമാനം എടുക്കുന്നത് ശ്രേയംസാണ്. മജീദിയ വേജ്ബോർഡ് വിഷയത്തിലും ഇതുതന്നെയാണ് നടന്നത്. വേജ്ബോർഡ് മാതൃഭൂമിയിൽ നടപ്പാക്കാൻ പറ്റില്ലെന്ന് നിലപാട് എടുത്തതിന്റെ പേരിൽ പ്രതിഷേധമറിയിച്ചപ്പോൾ തന്റെ അധികാരം പ്രയോഗിക്കാനുള്ള അവസരമായി ശ്രേയംസ് അതിനെ ഉപയോഗിച്ചു. പലരെയും സ്ഥലം മാറ്റുന്നതിലും എന്നെ പുറത്താക്കുന്നതിലുമെല്ലാം അന്തിമ കൈയൊപ്പ് ചാർത്തിയത് അദ്ദേഹമാണ്.

**വേജ്ബോർഡ് വിഷയം വന്നപ്പോൾ എങ്ങനെയാണ് തൊഴിലാളികൾ പ്രതികരിച്ചത്. നോൺജേർണലിസ്റ്റുകൾ മാത്രമല്ല ജേർണലിസ്റ്റുകളിലെ ഒരു വിഭാഗവും എങ്ങനെയാണ് മാനേജ്മെന്റിന് അനുകൂലമായി മാറിയത്?**

മാതൃഭൂമിയിലെ പത്രപ്രവർത്തകർക്ക് മാനേജീരിയൽ വിഭാഗത്തിനോട് അമിതകൂറ് ഒരിക്കലുമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ സ്ഥാപനത്തിലെ മാർക്കറ്റിങ്, പരസ്യവിഭാഗമടക്കമുള്ള ഓഫീസ് സ്റ്റാഫുകളോടുള്ള അത്ര മമത മാനേജ്മെന്റിന് പത്രപ്രവർത്തകരോട് ഇല്ലായിരുന്നു. പലപ്പോഴും പരിഹാസരൂപേണയാണ് മാധ്യമപ്രവർത്തകരോട് മാനേജ്മെന്റിന്റെ സമീപനം. 'ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം' എന്നതുപോലെ. ഒരു സ്ഥാപനത്തിൽതന്നെ രണ്ട് നയമാണ്. ഇതര മേഖലയിൽ പ്രൊമോഷനും മറ്റും കൃത്യമായി നൽകുമ്പോൾ എഡിറ്റോറിയൽ ഭാഗത്തുള്ളവർക്ക് അത് വൈകിപ്പിക്കുന്ന പ്രവണതയായിരുന്നു. ഈ അസമത്വം ബോധപൂർവം വളർത്തിക്കൊണ്ടുവന്നതാണ്.

ഈയൊരു ഘട്ടത്തിലാണ് വേജ്ബോർഡ് ഇഷ്യൂ കടന്നുവരുന്നത്. നടപ്പാക്കില്ലെന്ന് മാനേജ്മെന്റ് പറഞ്ഞു. ജേർണലിസ്റ്റുകളെയും നോൺ ജേർണലിസ്റ്റുകളെയും ഒരേപോലെ ബാധിക്കുന്ന വിഷയമായതിനാൽ വേജ്ബോർഡ് നടപ്പാക്കുന്നതിന് ഒറ്റക്കെട്ടായി ആവശ്യമുന്നയിച്ചു. മാനേജ്മെന്റ് നടപടിയിൽ പ്രതിഷേധിച്ച് ധർണ നടത്താൻ തീരുമാനിച്ചതും രണ്ടു യൂണിയനുകളും ചേർന്നായിരുന്നു. എന്നാൽ അവസാനഘട്ടത്തിൽ അവർ വിട്ടുനിന്നു. കമ്പനിക്കെതിരെ സമരം ചെയ്യാൻ ഞങ്ങളില്ല. എന്നാൽ വേജ്ബോർഡ് വേണമെന്നും പറഞ്ഞു. അന്നൊക്കെ മാതൃഭൂമി ജേർണലിസ്റ്റ് യൂണിയൻ മാനേജ്മെന്റിന്റെ ഇഷ്ടക്കാരുടെ കൈയിലായിരുന്നു. അവർ മാനേജ്മെന്റുമായി ചർച്ച നടത്തുന്നു. വേജ്ബോർഡ് നടപ്പാക്കാനാകില്ലെന്നും ശംബളവർധനവ് സംബന്ധിച്ച് സ്പെഷ്യൽ ഹോം സ്കെയിൽ ഉണ്ടാക്കാമെന്നുമുള്ള മാനേജ്മെന്റ് ഉപദേശം അവർ ശിരസാവഹിക്കുന്നു. ഇക്കാര്യം അംഗങ്ങളെക്കൊണ്ട് സമ്മതിപ്പിക്കാൻ കൊച്ചിയിൽ യൂണിയൻ മീറ്റിങ് വിളിച്ചു. മാനേജ്മെന്റുമായി ഏറ്റുമുട്ടാതെ പ്രീണനത്തിലൂടെ കാര്യങ്ങൾ നേടിയെടുക്കാമെന്നായിരുന്നു യൂണിയൻ ഭാരവാഹികൾ കരുതിയത്. എന്നാൽ അംഗങ്ങൾ അതിനെ എതിർത്തു. വേജ്ബോർഡ് വാങ്ങിത്തരാനാണ് യൂണിയനെ ചുമതലപ്പെടുത്തിയതെന്നാണ് അംഗങ്ങൾ പറഞ്ഞത്.

ആ യോഗത്തിനുശേഷം 2012 മെയ് 1ന് പാലക്കാട്ട് മലമ്പുഴയിൽ നടന്ന യോഗത്തിലാണ് ഞാൻ സെക്രട്ടറിയായി വരുന്നത്. മാനേജ്മെന്റിന്റെ പിന്തുണയില്ലാത്ത മാതൃഭൂമിയിലെ ആദ്യ കമ്മിറ്റിയായിരുന്നു അത്. അന്നുമുതലേ മാനേജ്മന്റിന് എന്നോട് ശത്രുത തുടങ്ങിയിരുന്നു. അതുവരെ മാനേജ്മന്റിന് ഇഷ്ടമുള്ളവർമാത്രമാണ് നേതൃസ്ഥാനത്തേക്ക് വരാറ്. മുൻകാലങ്ങളിൽ യൂണിയൻ സമ്മേളനം ഉദ്ഘാടനം ചെയ്തിരുന്നത് എം.പി വീരേന്ദ്രകുമാറായിരുന്നെങ്കിൽ അത്തവണ എൻ.പി രാജേന്ദ്രൻ ആണ് അത് നിർവഹിച്ചത്. വേജ്ബോർഡ് നടപ്പാക്കണമെന്ന നിലപാടുമായി ഞങ്ങൾ, പുതിയ യൂണിയൻ ശക്തമായി മുന്നോട്ടുപോയതോടെ മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് പ്രതികാരനടപടികളും തുടങ്ങി. നിരവധിപേരെ ദൂരസ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റുന്നു. എനിക്കെതിരെ സസ്പെൻഷൻ വരുന്നു. അടുത്ത യോഗമാകുന്നതോടെ യൂണിയൻ പിടിച്ചെടുക്കുന്നതിനു

ള്ള തന്ത്രങ്ങൾ നടക്കുന്നു. മാനേജ്മെന്റിന് വേണ്ടപ്പെട്ടവരെ വീണ്ടും യൂണിയൻ തലപ്പത്തേക്ക് കൊണ്ടുവരുന്നത് അങ്ങനെയാണ്. മാനേജ്മെന്റിനോട് ചേർന്നുനിൽക്കുന്ന ന്യൂനപക്ഷവും അതിനെതിരായ ഭൂരിപക്ഷവും എന്ന നിലയിലാണ് ഇപ്പോഴവിടെയുള്ള വിഭജനം. എന്നാൽ ന്യൂനപക്ഷത്തിന്റെ കൈയിലാണ് യൂണിയൻ അധികാരം എന്നതിനാൽ അതിനെതിരെ ആരും ശബ്ദിക്കാതെയായി.

**മാതൃഭൂമിയിലെ ജീവനക്കാരുമായി ഓഫീസിന് വെളിയിൽവെച്ച് സംസാരിക്കുമ്പോൾ പോലും അവർ വല്ലാത്ത ഭയത്തിന്റെ പിടിയിലാണെന്ന് വ്യക്തമാകും. സദാ മാനേജ്മെന്റിന്റെ നിരീക്ഷണത്തിലാണ് (surveillance) തങ്ങളെന്ന ബോധമാണവരിൽ. മാതൃഭൂമിയിൽ അടിയന്തരാവസ്ഥയ്ക്ക് സമാനമായ സ്ഥിതിയാണെന്ന് മുൻ പത്രാധിപ സമിതി അംഗം എൻ.പി രാജേന്ദ്രനും വെളിപ്പെടുത്തിയല്ലോ. എങ്ങനെയാണ് അന്യോന്യം ഭയപ്പെടുന്ന തരത്തിൽ ജോലി ചെയ്യുന്നവരുടെ കൂട്ടമായി മതൃഭൂമി മാറിയത്?**

പേടിപ്പിച്ചും നിരന്തരം നിരീക്ഷണവിധേയമാക്കിയും തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുക എന്നതാണ് അവിടെ ഇപ്പോഴുള്ള മാനേജ്മെന്റ് രീതി. ഇതൊരു ഫാഷിസ്റ്റ് ആശയമാണ്. അടിയന്തരാവസ്ഥാവേളയിൽ ഭരണകൂടവും ഇതേ നയമാണ് സ്വീകരിച്ചത്. വയലിലോ തോട്ടത്തിലോ പണിയെടുപ്പിക്കുമ്പോൾ വരമ്പത്ത് സായിപ്പ് തോക്കും പിടിച്ച് നിൽക്കുന്ന/ജന്മിമാർ കുടയും പിടിച്ചുനിൽക്കുന്ന പ്രാകൃതരൂപമില്ലേ. അതാണിപ്പോൾ മാതൃഭൂമിയുടെ അകത്തളം ഓർമിപ്പിക്കുന്നത്. തൊഴിലാളികളുടെ സ്വകാര്യതയിലേക്ക് കടന്നുചെല്ലുകയാണവർ. ഓരോരുത്തരെയും സൂക്ഷ്മമായി നിരീക്ഷണവിധേയമാക്കുന്നു. സ്ഥാപനത്തിനെതിരെ യാതൊരു വിമർശനവും അനുവദിക്കാതെ നിശബ്ദരാക്കുന്നു. ന്യൂസ് ഡസ്കിൽതന്നെ എതിരഭിപ്രായമോ വാർത്ത സംബന്ധിച്ച ചർച്ചയോ നടക്കുന്നത് കുറഞ്ഞു. തൊഴിലാളികളെ മാനേജ്മെന്റിന്റെ പോക്കറ്റിലാക്കിയതിനാലാണ് യൂണിയൻ സംസ്ഥാനകമ്മിറ്റി നടത്തിയ നിലനിൽപ് സമരത്തിനെതിരെ അവിടുത്തെ യൂണിയനെക്കൊണ്ട് നിലപാട് എടുപ്പിച്ചത്.

**താങ്കൾക്കെതിരായ മാനേജ്മെന്റ് നീക്കത്തിൽ എഡിറ്റർക്ക് എന്തെങ്കിലും നിലപാട് കൈക്കൊള്ളാമായിരുന്നില്ലേ. മുമ്പ് വി.കെ മാധവൻകുട്ടി കാണിച്ച ധൈര്യമെങ്കിലും. അങ്ങനെയൊന്നും കണ്ടിരുന്നില്ലല്ലോ?**

പത്രപ്രവർത്തകൻ എന്ന നിലയിൽ എന്റെ ഉയർന്ന അധികാരി എഡിറ്ററാണ്. എഡിറ്റർക്ക് നിലപാട് എടുക്കാവുന്നതാണ്. എന്നാൽ അങ്ങനെയൊന്നും ഉണ്ടായില്ല. ഒന്നുകിൽ മാനേജ്മെന്റിന്റെ അമിതാധികമാരമുള്ളതിനാൽ എല്ലാം മനസിലാക്കി ഒതുങ്ങിക്കഴിയുകയാകാം. ഇതുവരെ അദ്ദേഹത്തിന്റെ മനസ്സിലിരിപ്പ് വെളിപ്പെടുത്തിയിട്ടില്ല. അദ്ദേഹം നിലപാടെടുത്തിരുന്നെങ്കിൽ ചെറിയ അച്ചടക്കനടപടിയിൽ ഒതുക്കാമായിരുന്നു എന്റെ കേസ്.

**നിലവിലുള്ള യൂണിയൻ നേതൃത്വം താങ്കളുടെ വിഷയത്തിൽ മൃദുസമീപനമാണ് എടുക്കുന്നതെന്ന ആരോപണം കെ.യു.ഡബ്ല്യു.ജെ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി രാജഗോപാൽ ഉന്നയിച്ചിരുന്നുവല്ലോ. ഇതിന് യൂണിയൻ സെക്രട്ടറി പത്മനാഭൻ മറുപടി എഴുതുക കൂടി ചെയ്തതോടെ സോഷ്യൽ മീഡിയയിലും മറ്റും വിഷയം വലിയ ചർച്ചയുമായിരുന്നു. അത്തരം ആരോപണത്തിനോട് എന്താണ് താങ്കളുടെ പ്രതികരണം?**

രാജഗോപാൽ കത്തിൽ ഉന്നയിച്ച കാര്യങ്ങൾ പൂർണമായും ശരിയായിരുന്നു. എന്നെ പിരിച്ചുവിടാൻ മാനേജ്മെന്റ് നീങ്ങുന്ന സാഹചര്യത്തിൽ ഞാൻ യൂണിയന് കത്തയച്ചതുമായി ബന്ധപ്പെട്ടാണ് രാജഗോപാൽ സംസ്ഥാനകമ്മിറ്റിക്ക് കത്തെഴുതിയത്. വേജ്ബോർഡ് നടപ്പാക്കണമെന്നാവശ്യപ്പെട്ട് യൂണിയന്റെ പേരിൽ സമരം നടത്തിയതിനാണ് ഞാനടക്കമുള്ള നിരവധിപേർക്കെതിരെ മാനേജ്മെന്റ് പ്രതികാര നടപടികൾ തുടങ്ങിയത്. എന്നാൽ തക്കസമയത്ത് എന്നെപ്പോലുള്ളവരെ സംരക്ഷിക്കാനോ വിഷയത്തിൽ പരിഹാരം കാണാനോ കെ.യു.ഡബ്ല്യു.ജെ തയ്യാറായില്ല. ഈ സാഹചര്യത്തിലാണ് കത്തെഴുതിയത്. 2014 ജൂലായ് മൂന്നിന് എന്നെ മാനേജ്

2014 ജൂലായ് മൂന്നിന് എന്നെ മാനേജ്മെന്റ് സസ്പെൻഡ് ചെയ്തു. 11 മാസം സസ്പെൻഷനിൽ നിൽക്കുമ്പോൾ ഒരു തവണപോലും യൂണിയൻ ഭാരവാഹികൾ എന്നെ ബന്ധപ്പെട്ടിരുന്നില്ല. തൊഴിൽപ്രശ്നത്തിൽ വളരെ നെഗറ്റീവായ സമീപനമാണ് അവർ സ്വീകരിച്ചത്. എനിക്കെതിരെ ഡൊമസ്റ്റിക് എൻക്വയറി പ്രഖ്യാപിച്ചവേളയിൽ സസ്പെൻഷനെതിരെ കേസ് കൊടുക്കുന്ന കാര്യം ഉന്നയിച്ച് യൂണിയനെ സമീപിച്ചപ്പോഴും അനുകൂല സമീപനമുണ്ടായില്ല.




മെന്റ് സസ്പെൻഡ് ചെയ്തു. 11 മാസം സസ്പെൻഷനിൽ നിൽക്കുമ്പോൾ ഒരു തവണ പോലും യൂണിയൻ ഭാരവാഹികൾ എന്നെ ബന്ധപ്പെട്ടിരുന്നില്ല. തൊഴിൽപ്രശ്നത്തിൽ വളരെ നെഗറ്റീവായ സമീപനമാണ് അവർ സ്വീകരിച്ചത്. എനിക്കെതിരെ ഡൊമസ്റ്റിക് എൻക്വയറി പ്രഖ്യാപിച്ചവേളയിൽ സസ്പെൻഷനെതിരെ കേസ് കൊടുക്കുന്ന കാര്യം ഉന്നയിച്ച് യൂണിയനെ സമീപിച്ചപ്പോഴും അനുകൂല സമീപനമുണ്ടായില്ല. പിന്നീട് സുഹൃത്തുക്കളുടെ സഹായത്തോടെ പണം സമാഹരിച്ച് അഡ്വ. ജയശങ്കറെ കേസ് നടത്താൻ ചുമതലപ്പെടുത്തുകയായിരുന്നു. എനിക്കെതിരായ നടപടിക്കുമുമ്പേ സമരവുമായി ബന്ധപ്പെട്ട് മാതൃഭൂമിയിൽ അകാരണമായി 26 ഓളം പേരെ സ്ഥലം മാറ്റിയിരുന്നു. രാജഗോപാൽ പ്രസിഡന്റും മനോഹരൻ മോറായി സെക്രട്ടറിയുമായിരുന്ന വേളയിലാണത്. അന്ന് ഞാൻ സംസ്ഥാനകമ്മിറ്റിയംഗവും മാതൃഭൂമി യൂണിയന്റെ ജന.സെക്രട്ടറിയുമാണ്. എന്റെ സമ്മർദ്ദപ്രകാരം സ്ഥലംമാറ്റവിഷയത്തിൽ സംസ്ഥാനകമ്മിറ്റി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. പൊതുവെ മാനേജ്മെന്റുകൾ സ്ഥലംമാറ്റുന്ന വിഷയത്തിലൊന്നും കോടതി പരാതി ഫയലിൽ സ്വീകരിക്കാറില്ല. മാനേജ്മെന്റിന്റെ അവകാശമാണെന്ന് പറഞ്ഞ് തള്ളുകയാണ് പതിവ്. എന്നാൽ ബ്യൂറോ പോലുമില്ലാത്ത സ്ഥലത്ത് കൂട്ടത്തോടെ ആളുകളെ മാറ്റിയതിനാലാകാം അന്ന് പരാതി ഫയലിൽ സ്വീകരിച്ചത്. ഇത് മാനേജ്മെന്റിന് വലിയ ക്ഷീണമായി. അതിനുശേഷമാണ് അതുവരെ തടഞ്ഞുവെച്ചിരുന്ന ആനുകൂല്യങ്ങളെല്ലാം സ്ഥലംമാറ്റത്തിന് ഇരയായവർക്ക് ലഭിച്ചത്. എന്നാൽ കെ.യു. ഡബ്ല്യു.ജെയുടെ പുതിയ സംസ്ഥാനകമ്മിറ്റി നിലവിൽ വന്നപ്പോൾ ഹൈക്കോടതിയിലെ കേസ് പിൻവലിച്ചു. മാതൃഭൂമിയിലെ ജേർണലിസ്റ്റ് യൂണിയനുമായി ആലോചിച്ചാണ് കേസ് പിൻവലിച്ചതെന്നാണ് അവരുടെ വിശദീകരണം. എന്നാൽ മാനേജ്മെന്റിന്റെ ഇംഗിതത്തിനനുസരിച്ച് തുള്ളുന്ന യൂണിയനായിരുന്നു അന്നവിടെ ഉണ്ടായിരുന്നത്. ഇതറിഞ്ഞിട്ടും അവരുമായി ആലോചിച്ച് കേസ് പിൻവലിച്ചത് എന്തിനാണെന്ന് വ്യക്തമല്ല. മാനേജ്മെന്റ് യൂണിയനെക്കൊണ്ട് സമ്മർദ്ദം ചെലുത്തി കേസ് പിൻവലിപ്പിക്കുകയായിരുന്നു. കേസ് പിൻവലിക്കുമ്പോൾ കിട്ടിയിരുന്നു എന്ന് പറയുന്ന ഉറപ്പ് എല്ലാവരെയും തിരികെ കൊണ്ടുവരുമെന്നായിരുന്നു. പേരിന് ചിലരെ തിരിച്ചുകൊണ്ടുവന്നതല്ലാതെ മറ്റൊന്നും നടന്നില്ല. ലൈബ്രറിപോലുമില്ലായിരുന്ന സ്ഥലത്തേക്ക് ലൈബ്രേറിയനെ മാറ്റിയപ്പോൾ മാതൃസ്ഥാപനത്തിൽ ലൈബ്രറിയുടെ പ്രവർത്തനം അവതാളത്തിലായി. അതിനാൽ അയാളെപ്പോലുള്ള ചിലരെ തിരിച്ചുകൊണ്ടുവന്നു. സസ്പെൻഷനിലിരിക്കുന്ന എന്നെ പുറത്താക്കാൻ സാധ്യതയില്ലെന്നായിരുന്നു യൂണിയന്റെ വിശദീകരണ കത്തിൽ ഉള്ളത്. ഈ ഉറപ്പ് ആരാണ് കൊടുത്തതെന്നറിയില്ല. അവസാനം എനിക്ക് പിരിച്ചുവിടൽ നോട്ടീസ് കിട്ടിയപ്പോഴേക്ക് എല്ലാവരെയുംപോലെ യൂണിയനും അമ്പരന്നു. അതോടെ ധൃതിപിടിച്ച് അവർക്ക് നിലപാട് എടുക്കേണ്ടിവന്നു. അങ്ങനെയാണ് നിലനിൽപ് സമരത്തിലേക്ക് വരെ യൂണിയൻ എത്തിയത്. യൂണിയന്റെ തിരഞ്ഞെടുപ്പും അടുത്ത മാസം വരാൻ പോകുകയാണ്. അതും സമരത്തിലേക്ക് എടുത്തുചാടാൻ ഒരു കാരണമായിരിക്കാം.

**മറ്റേത് പൗരനും ഇല്ലാത്ത എന്തോ പ്രത്യേക അധികാരമുണ്ടെന്ന തെറ്റായ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കുമേലും ഇതരസമരങ്ങൾക്കുനേരെയും കുതിര കയറുന്നവരെപ്പോലെ പലപ്പോഴും മാധ്യമപ്രവർത്തകർ പെരുമാറാറുണ്ട്. സ്വന്തം നിലനിൽപ് ഭീഷണിയിലായപ്പോൾ പൊതുജനം അതിനെ വേണ്ടത്ര**

*⇨ മനോരമ കാര്യങ്ങൾ പ്രഫഷണലായും വളരെ തന്ത്രപരവുമായുമാണ് കൈകാര്യം ചെയ്തത് ⇨*



എം.വി. ശ്രേയാംസ് കുമാർ

**ഗൗരവത്തിലെടുക്കാത്തതിന് പിന്നിൽ ഇതും ഒരു കാരണമല്ലേ?**

ഈയൊരു വിമർശനത്തിൽ കഴമ്പുണ്ട്. എങ്കിലും പത്രപ്രവർത്തകരുടെ നീറുന്ന പ്രശ്നം ഉയർന്നുവന്നപ്പോൾ എല്ലാ വിയോജിപ്പുകളും മാറ്റിവെച്ച് ഇതര ട്രേഡ് യൂണിനുകൾ സഹകരിക്കാൻ തയ്യാറായി എന്നത് വലിയ പ്രതീക്ഷ നൽകുന്നതാണ്. യൂണിയന്റെ നേതൃത്വത്തിൽ കോഴിക്കോട് നടന്ന നിലനിൽപ് സമരത്തിന്റെ വിജയം അതാണ് കാണിക്കുന്നത്. സമരത്തിന് മുമ്പ് വിളിച്ചുചേർത്ത സംഘാടനസമിതിയോഗത്തിൽ പുറത്തുനിന്ന് വന്ന ഒരു ട്രേഡ് യൂണിയൻ നേതാവ് ഇങ്ങനെയാണ് പറഞ്ഞത്:

“എല്ലാ അവകാശങ്ങളും അനുഭവിക്കുന്ന ഏതോ ഉയരത്തിലിരിക്കുന്നവരാണ് നിങ്ങളെന്നായിരുന്നു ഞങ്ങൾ കരുതിയത്. മാസങ്ങളോളം വേതനം കിട്ടാത്ത അവസ്ഥയടക്കം നിരവധി ചൂഷണങ്ങൾക്ക് വിധേയരാകുന്നവരാണ് പത്രപ്രവർത്തകരും എന്ന് ഇപ്പോഴാണ് മനസിലായത്. ഇത്തരം കാര്യങ്ങളൊന്നും നിങ്ങൾ തുറന്നുപറയാറില്ലല്ലോ...”

**സ്വതന്ത്രമായ ഒരു ട്രേഡ് യൂണിയൻ സ്വഭാവം പത്രപ്രവർത്തക സംഘടനയ്ക്കില്ല. രാഷ്ട്രീയ ഇടപെടലും മാനേജ്മെന്റ് തലത്തിലുള്ള ഇടപെടലും യൂണിയനിലുണ്ടാകുന്നു. നിലനിൽപ്പ് സമരത്തിൽ സി.പി.എം ജന. സെക്രട്ടറി സീതാറാം യെച്ചൂരി പങ്കെടുക്കുമെന്ന് പറഞ്ഞിട്ടും അവസാനനിമിഷം വരാതിരുന്നതിലും ഇത്തരം ഇടപെടലുണ്ടാകുമോ? സമരവേദിക്ക് സമീപത്തെ മറ്റൊരു പരിപാടിയിൽ അദ്ദേഹം പ്രസംഗിച്ചിരുന്നു.**

അതേക്കുറിച്ച് വ്യക്തമായ അറിവില്ല. നിലനിൽപ് സമരത്തിൽ യെച്ചൂരി പങ്കെടുക്കുമെന്ന് യൂണിയൻ അംഗങ്ങളെ അറിയിച്ചിരുന്നു. എന്നാൽ വ്യക്തമായ ഉറപ്പ് ലഭിച്ചിട്ടാണോ അങ്ങനെ അറിയിപ്പുണ്ടായതെന്നറിയില്ല. സമരത്തിൽ സി.പി.എം നേരിട്ട് ഇടപെട്ടിട്ടില്ല. ചിലപ്പോൾ, സംസ്ഥാനഘടകം ഇടപെടാത്തിടത്ത് അഖിലേന്ത്യാനേതൃത്വം നേരിട്ടിടപെടേണ്ടതില്ല എന്നതിനാൽ വരാതിരുന്നതാകാം. വീരേന്ദ്രകുമാർ ഇത് സംബന്ധിച്ച് നേരിട്ട് അദ്ദേഹത്തെയോ പാർട്ടിയെയോ ബന്ധപ്പെട്ടിട്ടുണ്ടാകുമോ എന്നും പറയാനാകില്ല.

**വേജ്ബോർഡ് വിഷയം വന്നപ്പോൾ മാതൃഭൂമി പോലെ കൂടുതൽ തൊഴിലാളികളുള്ള മനോരമയിലും പ്രശ്നങ്ങൾ ഉയർന്നുവരേണ്ടതല്ലേ. അവിടെയും ഈ ശമ്പളകമ്മീഷൻ അധികബാധ്യതയുണ്ടാക്കുന്നില്ലേ. സമരം ചെയ്തതിന്റെ പേരിൽ ചിലരെ അവിടെയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്ന് സംസ്ഥാനപ്രസിഡന്റ് പറയുന്നു. എന്നാൽ മാതൃഭൂമിയിലുണ്ടായതുപോലെ വിഷയം മനോരമയിൽ ഉണ്ടായതുമില്ല?**

മനോരമ കാര്യങ്ങൾ പ്രൊഫഷണലായും വളരെ തന്ത്രപരവുമായുമാണ് കൈകാര്യം ചെയ്തത് എന്നാണ് തോന്നുന്നത്. തൊഴിലാളികളുടെ സംഘടനാപ്രവർത്തനം അനിവാര്യമാകുന്ന തരത്തിലുള്ള സാഹചര്യം അവർ പരമാവധി സൃഷ്ടിക്കാതെ നോക്കുന്നു. അതിനാൽ തൊഴിലാളികൾ പ്രകോപിതരാകുന്നുമില്ല. ട്രേഡ് യൂണിയനിസം ഒട്ടുമിഷ്ടപ്പെടാത്തതിനാൽ അവർ സംഘടിക്കാനുള്ള സാധ്യത ഇല്ലാതാക്കിക്കളയുന്നു. വേജ്ബോർഡ് വിഷയം വന്നപ്പോൾ മനോരമ പറഞ്ഞത് ‘കേസ് സുപ്രീംകോടതിയിലാണുള്ളത്, വിധി എന്താണോ വരുന്നത് അതിവിടെ നടപ്പാക്കുമെന്നാണ്’. മാതൃഭൂമി മാനേജ്മെന്റാകട്ടെ ‘നടപ്പാക്കില്ല’ എന്നാണ് പറഞ്ഞത്. വിധി വന്നപ്പോൾ മനോരമ നടപ്പാക്കി എന്ന് മാത്രമല്ല ഇപ്പോൾ സ്ളാബ് രണ്ടിൽ നിന്ന് ഒന്നിലേക്ക് ഉയർത്തി. ബുദ്ധിപൂർവമുള്ള സമീപനമാണവരുടേത്. ഇപ്പോൾ യൂണിന്റെ സമരവാർത്തകൾ അവർ കൊടുക്കുന്നു. മുഖം മിനുക്കാനും മാതൃഭൂമിയെ ഇകഴ്ത്താനുമാണത്. സംതൃപ്തരായ തൊഴിലാളികളാണ് ഏതൊരു സ്ഥാപനത്തിന്റെയും സമ്പത്ത്. അസംതൃപ്തരുടെ താവളമായി മാതൃഭൂമി മാറുന്നു. ഇതെന്ത് പ്രൊഫഷണൽ മാനേജ്മെന്റാണെന്ന് മനസിലാകുന്നില്ല.

**മാധ്യമപ്രവർത്തനത്തിന്റെ സ്വഭാവവും മാധ്യമപ്രവർത്തകന്റെ സ്വാതന്ത്ര്യവും തമ്മിൽ അന്യോന്യം ബന്ധിതമല്ലേ. സമൂഹത്തിൽ ഉയർന്നുവരുന്ന പല തൊഴിലവകാശസമരത്തിലും മാധ്യമപ്രവർത്തകർ എടുത്ത തെറ്റായ സമീപനത്തിന്റെ പരിണിതിയുമല്ലേ ഈ പ്രശ്നത്തിന് വേണ്ടത്ര പൊതുജനപിന്തുണ കിട്ടാതിരുന്നത്?**

ശരിയാണ്. പാവപ്പെട്ട പത്ര ഏജന്റുമാരുടെ സമരത്തെപോലും പൊളിക്കാൻ കൂട്ടുനിന്നവരാണ് പത്രപ്രവർത്തകർ. ഇപ്പോൾ അതിലും ദയനീയമായ അവസ്ഥ പത്രപ്രവർത്തകർ നേരിടുകയാണ്. ഏജന്റുമാരുടെ സമരം പൊളിക്കാൻ മാനേജ്മന്റിനുവേണ്ടി കരിങ്കാലിപ്പണി ചെയ്തവരാണ് നമ്മളെന്ന് മാതൃഭൂമി ജേർണലിസ്റ്റ് യൂണിയന്റെ മലപ്പുറം സമ്മേളനത്തിൽ ഒരാൾ വിമർശനമുന്നയിച്ചിരുന്നു. അന്ന് ആരോപണം ഉന്നയിച്ചയാളെയും മാനേജ്മെന്റ് പിന്നീട് സ്ഥലം മാറ്റിയെന്ന് അറിയണം. നല്ല മാധ്യമപ്രവർത്തനവും നല്ല തൊ



സി. നാരായണൻ

ഴിലാളിപ്രവർത്തനവും മാധ്യമസ്ഥാപനങ്ങളിൽ നടക്കുന്നില്ല. എഡിറ്റോറിയൽ എന്നതിലുപരി അഡ്വറ്റോറിയൽ എന്ന നിലയിലേക്ക് മാറുകയാണ്. പോസീറ്റീവ് ന്യൂസ് എന്ന കൺസെപ്റ്റ് കൊണ്ടുവരികയാണ്. അങ്ങനെയൊരു ന്യൂസ് ഉണ്ടോ? പുകഴ്ത്തിക്കൊണ്ടുള്ള വാർത്തകളും ഡെവലപ്മന്റ് ന്യൂസും കൂടുന്നു. അണ്ടർ ഡെവലപ്ഡ് ആയിട്ടുള്ള ആളുകളുടെ പ്രശ്നങ്ങൾ, വാർത്തകൾ എവിടെ? അന്യോന്യം ഉയർച്ചതാഴ്ചകളില്ലാതെ ജേർണലിസ്റ്റുകൾ തർക്കിക്കുന്ന, സംവാദാത്മക ഇടം ന്യൂസ് ഡസ്കിൽനിന്ന് ഇല്ലാതാകുകയാണ്. ഭയപ്പാടില്ലാതെ വാർത്തകളെ സമീപിക്കുന്ന ഇടം നഷ്ടമാകുമ്പോൾ ജനാധിപത്യ ഇടവും വാർത്തകളുടെ വ്യത്യസ്ത വീക്ഷണങ്ങളും ഇല്ലാതാകും. ഇതിന്റെ പ്രതിഫലനം സമൂഹത്തിലേക്കും വ്യാപിക്കും.

**കേരളത്തിൽ പുതുതായി ഉയർന്നുവരുന്ന നിരവധി സമരങ്ങളുമുണ്ട്. നേരത്തെ നാം കണ്ടുപരിചയിച്ച രീതിയിലുള്ളതല്ല ആ സമരങ്ങൾ. അത്തരത്തിലൊന്നാണ് പത്രപ്രവർത്തനമേഖലയിലെ തൊഴിൽപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഉയരുന്ന സമരവും. പുതുസമരങ്ങളെ മുഖ്യധാരാ രാഷ്ട്രീയക്കാർക്ക് അഭിസംബോധന ചെയ്യാൻ കഴിയുന്നില്ല. ഇതേ ഘട്ടത്തിൽ ഒട്ടും ട്രേഡ് യൂണിയനിസം അവകാശപ്പെടാനാകാത്ത കെ.യു.ഡബ്ല്യു. ജെയ്ക്ക് ഈ വിഷയം മുന്നോട്ട് കൊണ്ടുപോകാനാകുമോ?**

പൂർണമായും ശരിയാണീ നിഗമനം. ട്രേഡ് യൂണിയൻ മെമ്പർഷിപ്പിനുവേണ്ടി തൊഴിൽ ദാതാവിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ട ഏക തൊഴിൽപ്രസ്ഥാനമാണ് കെ.യു.ഡബ്ല്യു.ജെ പത്രപ്രവർത്തകമേഖലയിലും പഴയ ശൈലിയിലുള്ള ട്രേഡ്‌യൂണിയൻ ഇന്ന് അപ്രസക്തമാകുകയാണ്. പുതിയ കാലത്തെ പ്രതിസന്ധികളെ അഭിസംബോധന ചെയ്യാൻ അതിന് കഴിയുന്നില്ല. മാധ്യമസ്ഥാപനത്തിലെ ട്രേഡ് യൂണിയൻ പ്രവർത്തനം അടിമുടി മാറ്റേണ്ടതുണ്ട്. തൊഴിൽ അസ്ഥിരത, കരാർവൽക്കരണം, കോർപ്പറേറ്റ്‌വൽക്കരണം എന്നിവ കൂടിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിലെ പത്രങ്ങളിൽ ഏറെക്കാലമായി ഒറ്റപ്പെട്ട പ്രശ്നങ്ങൾ ഉണ്ടെങ്കിലും പൊതുവായ പ്രശ്നങ്ങളായി പലതും വളർന്നിരുന്നില്ല. അതാത് സ്ഥാപനത്തിൽതന്നെ പരിഹാരിക്കാവുന്ന തൊഴിൽ പ്രശ്നങ്ങളായിരുന്നു അവയൊക്കെയും. എന്നാലിപ്പോൾ മിക്കസ്ഥാപനങ്ങളിലും തൊഴിലാളികൾ പൊതുവായ പല പീഡനങ്ങളും നേരിടുന്നുണ്ട്. അധികാരകേന്ദ്രവുമായി ഒട്ടിനിന്ന് കാര്യങ്ങൾ നേടിയെടുക്കാമെന്നും അവരുമായി സംസാരിച്ച് സമവായത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാമെന്നും കരുതുന്നതാണ് നിലവിലുള്ള യൂണിയൻ പ്രതിനിധികളുടെ പലരുടെയും പൊതുസമീപനം. എന്നാൽ അങ്ങനെ പരിഹരിക്കാൻ പറ്റുന്ന പ്രശ്നമല്ല ഇന്നു രൂപം കൊള്ളുന്നത്. ഈ മേഖലയിൽ കരാർ ജീവനക്കാർ കൂടുകയാണ്. 10 കൊല്ലത്തിനകം അവരാകും കൂടുതൽ. അവരുടെ വിഷയം ആരാണ് ഏറ്റെടുക്കുക? ഒന്ന് രണ്ട് സമ്മേളനത്തിൽ ഈ വിഷയം ഉയർന്നുവന്നിരുന്നു. കൃത്യമായി നിലപാട് എടുക്കാനായില്ല. ഇപ്പോഴും ഈ വിഷയം സമസ്യയായി നിൽക്കുന്നു. ശക്തമായ ട്രേഡ് യൂണിനാകണമെങ്കിൽ അവരെയും ഉൾപ്പെടുത്തണം. ധനലക്ഷ്മി ബാങ്കിൽ ഒരു മാനേജരെ പുറത്താക്കിയപ്പോൾ തൊഴിലാളികൾ ഒറ്റക്കെട്ടായി സമരരംഗത്തിറങ്ങി. മാധ്യമപ്രവർത്തകനെ പുറത്താക്കിയപ്പോൾ അങ്ങനെയൊരു സമരം ഉയർന്നുവരാതിരുന്നത് ഇത് ശരിയായ തോതിലുള്ള ട്രേഡ് യൂണിയൻ അല്ലാത്തതുകൊണ്ടാണ്. ഏതെങ്കിലും പ്രമുഖ ട്രേഡ് യൂണിയനിൽ രജിസ്റ്റർ ചെയ്തുകൊണ്ട് കൂടുതൽ സമരസജ്ജരായ തൊഴിലാളിവിഭാഗമായി കെ.യു.ഡബ്യൂ.ജെ മാറേണ്ടതുണ്ട്.

**വ്യക്തിപരമായ ചില കാര്യങ്ങളിലേക്ക് വരാം. മാധ്യമപ്രവർത്തന ജീവിതവും അതിന് മുമ്പുള്ള കാലവും രാഷ്ട്രീയവും. പിരിച്ചുവിട്ടശേഷമുള്ള ജീവിതാവസ്ഥ?**

18 വർഷംമുമ്പ് സെൻട്രൽ സർവീസിൽ ലക്ഷദ്വീപിൽ അധ്യാപകനായിരുന്നു. അത് രാജിവെച്ചാണ് മാതൃഭൂമിയിൽ ചേർന്നത്. ഇപ്പോൾ 12 കൊല്ലം സർവീസ് ബാക്കിയിരിക്കെയാണ് പിരിച്ചുവിടൽ. പിരിച്ചുവിടപ്പെട്ട ശേഷമുള്ള ജീവിതത്തെക്കുറിച്ച് ഒന്നും പറയാതിരിക്കുന്നതാണ് നല്ലത്. സമരാവേശത്തിൽ മുഴുകുന്നവർക്ക് പിരിച്ചുവിടപ്പെട്ടയാളുടെ മാനസിക-സാമ്പത്തികാവസ്ഥയെക്കുറിച്ച് യാതൊരു ചിന്തയുമില്ല. അഭിമാനക്ഷതം സംഭവിച്ച യഥാർത്ഥ ഇരയുടെ അവസ്ഥ വേറൊന്നുതന്നെയാണ്. അതിലൂടെ കടന്നുപോകുകയാണ് ഞാനിപ്പോൾ. കണ്ണൂർ ധർമശാലയിലാണ് വീട്. ഭാര്യയും ഒരു കുഞ്ഞുമുണ്ട്. പഠനകാലത്ത് എസ്.എഫ്.ഐ കണ്ണൂർ ജില്ലാകമ്മിറ്റിയംഗം. പിന്നീട് തളിയിൽ സി.പി.എം ബ്രാഞ്ച് അംഗം. അധ്യാപകനായതോടെ രാഷ്ട്രീയപ്രവർത്തനം പൂർണമായും ഉപേക്ഷിച്ചിരുന്നു. പിന്നീട് പത്രപ്രവർത്തനത്തിൽമാത്രം മുഴുകുകയായിരുന്നു. ■